**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8062 — 17-07-2014-ൽ മറുപടിയ്ക്ക്

## ശുചിത്വകേരളം - ആരോഗ്യകേരളം പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പമന്ത്രി |
| (എ) സംസ്ഥാനത്ത് ശുചിത്വകേരളം-ആരോഗ്യകേരളം പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. പകർച്ച വ്യാധി പ്രതിരോധത്തിനായി, മഴക്കാല പൂർവ്വ ശുചീകരണം വീടുകളിലും സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും നടത്തിവരുന്നു. കൂടാതെ, കൊതുക-കൂത്താടി നശീകരണത്തിന് ആഴ്ച തോറും ഡ്രൈഡേയും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാനായി, ശുചിത്വകേരളം - ആരോഗ്യ കേരളം എന്ന സന്ദേശം സംസ്ഥാനത്തുടനീളം എത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br>വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക (മഴക്കാല പൂർവ്വ ശുചീകരണം, ഡ്രൈഡേ ആചരണം, ക്ലോറിനേഷൻ തുടങ്ങിയവ), ഉറവിടങ്ങളിൽ തന്നെ മാലിന്യ സംസ്കരണത്തിന് ജനങ്ങളെ ബോധവത്ക്കരിക്കുക, മാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷനേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും പ്രേരിപ്പിക്കുക, കുടിവെള്ള സ്രോതസുകൾ മലിനമാകാതെ സൂക്ഷിക്കുക, ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് രോഗാതുരതയും, മരണനിരക്കും കുറയ്ക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. |
| (സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) ആരോഗ്യ വകുപ്പിനൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പ്, ജല വിഭവ വകുപ്പ്, തുടങ്ങിയ വിവിധ വകുപ്പുകളുടേയും, ശുചിത്വ മിഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെയും സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തി വരുന്നത്. പൊതുജനങ്ങളുടെയും, വിദ്യാർത്ഥികളുടെയും, സന്നദ്ധ സംഘടനകളുടെയും , റസിഡൻസ് അസോസിയേഷനുകളുടെയും എല്ലാം സഹകരണം ഈ പ്രവർത്തന ങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. |

(ഡി) ആരോഗ്യം സംരക്ഷിക്കുന്നതിനായി വീടും പരിസരവും വൃത്തിയാക്കുന്നതിന് ഓരോ കുടുംബാംഗങ്ങളേയും പൊതുജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് എന്തെല്ലാം പ്രചരണ പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തി യി രിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ എന്നിവർ, അവരുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഗൃഹ സന്ദർശനം നടത്തി രോഗ പ്രതിരോധത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തിവരുന്നു.

- എഫ്. എം. റേഡിയോ, ആകാശവാണി, പത്രമാധ്യമങ്ങൾ, ടെലിവിഷൻ തുടങ്ങിയവ വഴിയും ബോധവത്ക്കരണം നടത്തി വരുന്നു.
- ആരോഗ്യ ബോധവൽക്കരണ യാത്ര, മൈക്ക് പബ്ലിസിറ്റി, തുടങ്ങിയവയും നടത്തുന്നു.
- വിദ്യാർത്ഥികൾ, ബുധനാഴ്ച അസംബ്ലിയിൽ പകർച്ച വ്യാധി പ്രതിരോധ പ്രതിജ്ഞകൾ എടുക്കുന്നു.
- റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, അന്യസംസ്ഥാന തൊഴിലാളികൾ തുടങ്ങിയവർക്ക് ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു.
- പൊതുജനാരോഗ്യ നിയമമനുസരിച്ച് പരിശോധന നടത്തുമ്പോൾ ബോധവത്കരണവും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ